# കേരകർഷകർക്കായി നാളികേരബോർഡ് കേരോൽപ്പാദകസംഘങ്ങൾ രൂപീകരിക്കുന്നു

നാളികേര വികസന ബോർഡ് കേര കർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര ഉൽപ്പാദകസംഘങ്ങൾ (സിപിഎസ്) രൂപീകരിക്കുന്നു. കൃഷിയിൽ ശാസ്ത്രീയരീതികൾ അവലംബിച്ച് ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതോടൊപ്പം നാളികേരസംഭരണം, സംസ്കരണം, വിപണനം എന്നീ തലങ്ങളിൽ ഈ സൊസൈറ്റികൾ ഫലവത്തായ പങ്കുവഹിക്കും.

തുണ്ടുഭൂമിയിൽ കൃഷിചെയ്യുന്ന ചെറുകിട-ഇടത്തരം കേര കർഷകരെ ഒരു സംഘടിതശക്തിയായി മാറ്റുകയെന്ന ലക്ഷ്യത്തോടെ കേരോൽപ്പാദകസംഘങ്ങളുടെ ഒരു ശൃംഖല തന്നെ പരമ്പരാഗതമായി തെങ്ങുകൃഷിയുള്ള സംസ്ഥാനങ്ങളായ കേരളം, തമിഴ്നാട്, കർണാടകം, ആന്ധ്രാപ്രദേശ് എന്നിവയ്ക്ക് പുറമേ പാരമ്പര്യേതര സംസ്ഥാനങ്ങളിൽക്കൂടി ആരംഭിക്കാനാണ് ബോർഡ് ഉദ്ദേശിക്കുന്നത് .

സഹകരണപ്രസ്ഥാനം മിക്ക സംസ്ഥാനങ്ങളിലും വേരോടിയിട്ടുണ്ടെങ്കിലും ഇവിടെയൊന്നും കേരകർഷകർ സംഘടിതരല്ല. കേരളത്തിൽ ചുരുങ്ങിയത് 1000 സൊസൈറ്റികൾ ഈ വർഷം രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ബോർഡിൽ രജിസ്റ്റർചെയ്ത സൊസൈറ്റികൾ ഇപ്പോൾ 114 ആണ്. ഇതോടൊപ്പം തമിഴ്നാട്ടിലും കർണാടകത്തിലും ആന്ധ്രയിലും 500 എണ്ണം വീതവും മറ്റു പാരമ്പര്യേതര നാളികേരോൽപ്പാദക സംസ്ഥാനങ്ങളൊട്ടാകെ 500 സൊസൈറ്റികളുമാണ് ബോർഡ് ലക്ഷ്യമിടുന്നത്.

തനിയെനിൽക്കുന്ന കർഷകനേക്കാൾ ഒരുമയുള്ള കർഷകർക്ക് ഏറെ പ്രവർത്തിക്കാമെന്നതിനാൽ സിപിഎസ്വഴി കൂട്ടായി വിപണി കണ്ടെത്തി നാളികേരത്തിനു മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതോടൊപ്പം വിപണനച്ചെലവുകൾ കുറയ്ക്കുകയും ചെയ്യാം. കൂട്ടായ വളപ്രയോഗനടപടികൾ, തെങ്ങുകൃഷിയിലെ ശാസ്ത്രീയപരിചരണമുറകൾ എന്നിവ എല്ലാ അംഗങ്ങളും അവലംബിക്കൽ, രോഗ-കീട നിയന്ത്രണപ്രവർത്തനങ്ങൾ, നേഴ്സറികൾ സ്ഥാപിക്കൽ, സങ്കരയിനം വിത്തുതേങ്ങയുൽപ്പാദനം, വിത്തു തേങ്ങസംഭരണം, കരിക്കുസംഭരണം, മൂല്യവർധിത ഉൽപ്പന്നങ്ങളുടെ നിർമാണം, സ്റ്റഡി ടൂറുകൾ, സെമിനാറുകൾ സംഘടിപ്പിക്കൽ, എക്സിബിഷനുകളിൽ പങ്കെടുക്കുക തുടങ്ങിയ കാര്യങ്ങൾ സിപിഎസിലൂടെ നിർവഹിക്കാനാകും. സംഘങ്ങളുടെ രൂപീകരണത്തിലൂടെ നാളികേരോൽപ്പാദനത്തിൽ 50 ശതമാനം വർധനവാണ് ബോർഡ് ലക്ഷ്യമിടുന്നത്.

സംസ്ഥാനങ്ങളിൽ സിപിഎസിന്റെ മേൽതലമായി 15-20 സിപിഎസുകൾ ചേർന്നു നടത്തുന്ന ഫെഡറേഷനുകൾ ഈ രംഗത്തെ പ്രവർത്തനങ്ങൾക്ക് മാർഗനിർദേശവും ദിശാബോധവും നൽകും. അതേത്തുടർന്ന് ഉൽപ്പാദകരുടെ കമ്പനികൾ (Producers Company) രൂപീകരിക്കുന്നതിനും ബോർഡ് ലക്ഷ്യമിടുന്നു. 20-25 ഉൽപ്പാദക കമ്പനികൾ നാളികേരമേഖലയിൽ രൂപീകരിക്കാൻ കഴിഞ്ഞാൽ, വിപണന സംസ്കരണമേഖലയിലും അന്യസംസ്ഥാനങ്ങളിൽ മൂല്യവർധിത ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനും കയറ്റുമതിരംഗത്ത് മുൻകൈ നേടാനും അതുവഴി മെച്ചപ്പെട്ട വില നാളികേരകർഷകർക്ക് ലഭ്യമാക്കാനും കഴിയും. ഉൽപ്പാദകർക്ക് ഉൽപ്പന്നങ്ങളിലും വിപണിയിലും സ്വാധീനമുള്ള ഒരു കാലഘട്ടത്തിലേക്ക് നാളികേരമേഖലയെ നയിക്കാൻ സിപിഎസുകൾ വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.



ചുരുങ്ങിയത് കായ്ക്കുന്ന 10 തെങ്ങുകളെങ്കിലും സ്വന്തമായുള്ള കർഷകർക്ക് സിപിഎസിൽ അംഗമാകാം. ശരാശരി 4000-5000 തെങ്ങുകളെങ്കിലും ഓരോ സിപിഎസിന്റെയും പ്രവർത്തന പരിധിയിലുണ്ടാവണം. തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റും ആറ് എക്സിക്യൂട്ടീവ് കമ്മറ്റിയംഗങ്ങളുമടങ്ങിയ കമ്മിറ്റിയാണ് സൊസൈറ്റിയുടെ ഭരണ സമിതി. ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർചെയ്യുന്ന സിപിഎസുകളെ നാളികേര വികസനബോർഡിലും രജിസ്റ്റർ ചെയ്യാനൊരുങ്ങുന്നുണ്ട്. സൊസൈറ്റി രൂപീകരിക്കാനുള്ള മാതൃക നിയമാവലി ബോർഡിൽനിന്നും ലഭ്യമാണ്.

സംഘം നാളികേരവികസന ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിന് രജിസ്ട്രേഷൻ ഫീസായ 200 രൂപ ചെയർമാൻ, നാളികേര വികസന ബോർഡ് എന്ന വിലാസത്തിൽ എറണാകുളത്ത് മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റിനൊപ്പം നിശ്ചിത അപേക്ഷാഫോറത്തിൽ സമർപ്പിക്കാം. രജിസ്ട്രേഷന്റെ കാലാവധി രണ്ടു വർഷമാണ്. കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് സംഘങ്ങൾ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. രജിസ്ട്രേഷൻ പുതുക്കുന്നതിന് 100 രൂപ രണ്ടു വർഷത്തിലൊരിക്കൽ ഫീസായി നൽകണം.

Deshabhimani Daily 5-12-2011